**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5354** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസ് പുന:ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. പി . ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് പുന:ക്രമീകരിച്ചതിൽ പ്രതിഷേധിച്ച ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് പുനഃക്രമീകരിക്കുന്നതടക്കമുള്ള വിഷയങ്ങളിൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരിക്കുകയോ, ഇത്തരത്തിൽ ജീവനക്കാർ ഹാജരാകാതിരിക്കുമ്പോൾ ഷെഡ്യൂൾ ക്യാൻസലേഷൻ ഉണ്ടായാലും അതിനോടനുബന്ധിച്ച് വരുമാന നഷ്ടം ഉണ്ടായാലും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കോർപ്പറേഷനുണ്ടായ നഷ്ടം അവരിൽ നിന്നും ഈടാക്കുകയും ചെയ്തു വരുന്നു. |
| (ബി) | പ്രതിഷേധം മൂലം സർവ്വീസ് മുടങ്ങിയതിനെ തുടർന്നുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇത്തരത്തിൽ തിരു. സിറ്റി, പാപ്പനംകോട്, പേരൂർക്കട, വികാസ്ഭവൻ എന്നീ യൂണിറ്റുകളിൽ 26.6.2022ന് 63 ഡ്യൂട്ടി ബഹിഷ്കരിച്ചതിൽ 9,50,137/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാൻ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ടി വിഷയത്തിൽ 111 പേർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടി ജീവനക്കാരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ